# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2786** **06.11.2019 ലെ മറുപടി**

## എറനാട് മണ്ഡലത്തിലെ ചാലിയാർ പുഴയുടെ സംരക്ഷണ ഭിത്തികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |

(എ) മഹാപ്രളയത്തെ തുടർന്നുണ്ടായ വെള്ളപ്പൊക്കവും കുത്തൊഴുക്കും കാരണം എറനാട് മണ്ഡലത്തിലെ ചാലിയാർ പുഴയുടെ സംരക്ഷണ ഭിത്തികൾ തകർന്ന് തീരപ്രദേശങ്ങൾ ഒലിച്ച് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളും സംരക്ഷണ ഭിത്തികളുമാണ് ഇങ്ങനെ ഒലിച്ച് പോയിട്ടുള്ളതെന്നറിയിക്കുമോ;

(എ) യും (ബി) യും

മഹാപ്രളയത്തെ തുടർന്നുണ്ടായ വെള്ളപ്പൊക്കവും കുത്തൊഴുക്കും കാരണം ഏറനാട് മണ്ഡലത്തിലെ ചാലിയാർ പുഴയുടെ സംരക്ഷണ ഭിത്തികൾ തകർന്നു തീരപ്രദേശങ്ങൾ ഒലിച്ച് പോയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പ്രധാനമായും താഴെപറയുന്ന ഭാഗങ്ങളിലാണ് കൂടുതൽ നാശനഷ്ടങ്ങൾ കണ്ടെത്തിയിട്ടുള്ളത്:

1. ഊർങ്ങാട്ടിരി പഞ്ചായത്തിലെ വാർഡ് 2-ൽ ഉൾപ്പെടുന്ന ആനക്കയം ഓടക്കയം ഭാഗത്ത് ചെറുപുഴയുടെ ഇടതുകര 60 മീ. നീളം
2. ഊർങ്ങാട്ടിരി പഞ്ചായത്തിലെ വാർഡ് 2 ൽ വെറ്റിലപ്പാറ ഓടക്കയം ഭാഗത്തെ ചെറുപുഴയുടെ ഇടതുകര സംരക്ഷണം.
3. കീഴുപറമ്പ് പഞ്ചായത്തിലെ 8-ാം വാർഡിൽ അരീക്കോട് പാലത്തിന്റെ താഴ്ഭാഗം ചാലിയാറിന്റെ വലതുകര ഏകദേശം 100 മീ. നീളം.
4. കീഴുപറമ്പ് പഞ്ചായത്തിലെ 8-ാം വാർഡിൽ വെസ്റ്റ് പത്തനാപുരം ഭാഗത്ത് ചാലിയാർ പുഴയുടെ വലത് കര 200 മീ. നീളം
5. കീഴുപറമ്പ് പഞ്ചായത്തിലെ ഒന്നാം വാർഡിൽ റീസർവ്വെ നം.23/11, 23/13, 23/16 എന്നീ സർവ്വെ നമ്പറിൽ മുറിഞ്ഞമാട് ഭാഗത്ത് ഏകദേശം 150 മീ. നീളം.

കൂടാതെ 2019 ലെ വെള്ളപ്പൊക്കത്തിൽ ചാലിയാറിന്റെ തീരത്ത് സംഭവിച്ച കേടുപാടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

1. ചാലിയാർ പഞ്ചായത്തിലെ മതിൽ മൂലയിൽ കാഞ്ഞിരപ്പുഴയുടെ കരകൾ ഇടിഞ്ഞു
2. ചാലിയാർ പഞ്ചായത്തിലെ നമ്പൂരിപൊട്ടിയിൽ കാഞ്ഞിരപ്പുഴയുടെ കരകൾ ഇടിഞ്ഞു.
3. എടവണ്ണ പഞ്ചായത്തിലെ പള്ളിമുക്കിൽ ചാലിയാറിന്റെ ഇടതു കര ഇടിഞ്ഞു.
4. എടവണ്ണ – കുണ്ടുതോടിൽ ചാലിയാറിന്റെ ഇടതുകര ഇടിഞ്ഞു.
5. അരീക്കോട് പഞ്ചായത്തിൽ അരീക്കോട് പാലത്തിനു താഴെ ചാലിയാറിന്റെ ഇടതുകര ഇടിഞ്ഞു.

(സി) തീരത്തുള്ള വീടുകളെ ബാധിക്കുന്ന വിധം സംരക്ഷണ ഭിത്തികൾ ഒലിച്ച് പോയിട്ടുള്ളത് എത്ര എണ്ണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സംരക്ഷണഭിത്തി കെട്ടുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) വീടുകളെ ബാധിക്കുന്ന വിധത്തിൽ സംരക്ഷണഭിത്തി ഒലിച്ച് പോയിട്ടുള്ളത് പ്രധാനമായും താഴെ പറയുന്ന രണ്ടെണ്ണമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ആയവയ്ക്ക് സംരക്ഷണ ഭിത്തി കെട്ടുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

1. ഊർങ്ങാട്ടീരി പഞ്ചായത്തിലെ വാർഡ് 2-ൽ ഉൾപ്പെടുന്ന ആനക്കയം ഓടക്കയം ഭാഗത്ത് ചെറുപുഴയുടെ ഇടതുകര.

2. കീഴുപറമ്പ് പഞ്ചായത്തിലെ 8-ാം വാർഡിൽ വെസ്റ്റ് പത്തനാപുരം ഭാഗത്ത് ചാലിയാറിന്റെ വലതുകര.

(ഡി) സംരക്ഷണഭിത്തി കെട്ടുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും പ്രവൃത്തി അടിയന്തരമായി ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഡി) നടപടി സ്വീകരിക്കുന്നതാണ്. പ്രളയത്തിന്റെ ഭാഗമായി നാശനഷ്ടം വിലയിരുത്തിയത് പ്രകാരം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഊർങ്ങാട്ടീരി പഞ്ചായത്തിലെ ആനക്കയം ഓടക്കയം ഭാഗത്ത് സംരക്ഷണ ഭിത്തി കേടുപാടുകൾ തീർക്കുന്നതിനായി 27 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്തു.

2. അരീക്കോട് പാലത്തിന്റെ തൊട്ട് താഴെയുള്ള ഭാഗത്തെ സംരക്ഷണ ഭിത്തി കേടുപാടുകൾ തീർക്കുന്നതിനായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 05/11/2019 ൽ ആർ.എം.എഫ്. ജില്ലാ വിദഗ്ധ സമിതിയുടെ ഉപസമിതിയുടെ സ്ഥല പരിശോധനക്കായി നിശ്ചയിച്ചിട്ടുണ്ട്. റോഡിന്റെ സംരക്ഷണ ഭിത്തി ഉൾപ്പെടുന്നതിനാൽ മറ്റ് ഡിപ്പാർട്ട് മെൻറുകൾ വഴി നടപ്പിലാക്കുന്നതിന്റെ സാധ്യതയും പരിശോധിക്കാവുന്നതാണ്.

3. വെസ്റ്റ് പത്തനാപുരം ഭാഗത്തെ സംരക്ഷണ ഭിത്തി നിർമാണം സംബന്ധിച്ച സാങ്കേതികത പരിശോധിച്ച് വരുന്നു.

4. കൂടാതെ കീഴുപറമ്പ് പഞ്ചായത്തിലെ മുറിഞ്ഞമാട് ഭാഗത്ത് കര സംരക്ഷണം, ഊർങ്ങാട്ടീരി പഞ്ചായത്തിലെ 2-ാം വാർഡിൽ വെറ്റിലപ്പാറ – ഓടക്കയം ഭാഗത്ത് ചെറുപുഴ യുടെ ഇടതുകര സംരക്ഷണം എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയാറാക്കി യിട്ടുണ്ട്.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവു ന്നതാണ്.

സെക്ഷൻ ഓഫീസർ